# ഭാഗം 3/5 (തുടർച്ച)

# “കവിതഥ”യിലെ ഭാഷണം

# “മലയാളം, എന്റെ മാതൃഭാഷ: നിങ്ങളുടെയും!”

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**[മലയാളി അസ്സോസിയേഷൻ ഓഫ് ഫിലഡൽഫിയയുടെ (മാപ്) “കവിതഥ” എന്ന ഏകദിന സെമിനാറിലെ കീ-നോട്ട് പ്രസംഗത്തിൽ ഇതിലെ പ്രസക്തഭാഗങ്ങൾ അവതരിപ്പിച്ചിരുന്നു.]**

## ഭാഷ മരിക്കുന്ന വിജനവീഥികൾ: വംശനാശം ഭവിക്കുന്ന ഭാഷ

**ഭാഷ** ജനിക്കുന്നു; ജീവിക്കുന്നു; മരിക്കുന്നു. സംസ്കൃതവും ഗ്രീക്കും ലാറ്റിനും നമുക്കറിയാവുന്ന ഭീമൻ ഉദാഹരണങ്ങൾ.

**ഭാഷ** എപ്പോൾ, എന്തുകൊണ്ട് മരിക്കുന്നു? ഏറ്റവും ഒടുവിലത്തെ സംസാരിക്കുന്ന പൌരൻ മൺമറയുമ്പോൾ അയാളുടെ ഭാഷയും മൃതിയടയുന്നു. സ്വാഭാവികമായും അസ്വാഭാവികമായും ഈ കുറ്റിയറ്റൽ സംഭവിക്കാം. കാരണം പലത്: ഒരു ജനതയുടെ കൂട്ടക്കൊല; പ്രകൃതിക്ഷോഭത്തിൽ ചെറുരാജ്യങ്ങൾ തുടച്ചുനീക്കപ്പെടൽ, വിദേശ രാജ്യത്തിന്റെ അധിനിവേശം; പൌരരുടെ കൂട്ടപ്രവാസം; ... ... ... ആധുനിക കാരണങ്ങൾ വഴിയെ പറയാം.

**ഇന്ന്** ലോകത്തിൽ ഏകദേശം 7000 സംസാരഭാഷകളുണ്ട്. 650 എണ്ണമേ പ്രസക്തിയോടെ സംസാരിക്കപ്പെടുന്നുള്ളൂ. രണ്ടാഴ്ച്ചയിൽ ഒരു ഭാഷ മരിക്കുന്നത്രെ. അലാസ്കയിലും ടർക്കിയിലും ഭാഷകൾ അന്യംനിൽപ്പായിട്ടുണ്ട്, സമീപകാലത്തു പോലും.

## “സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ്”/വെല്ലുവിളി

**ഡാർവിന്റെ** കണ്ടെത്തലായ “വംശനാശം സംഭവിക്കലിനെ” ചെറുക്കാൻ നാം എല്ലാ രംഗങ്ങളിലും യത്നിക്കുന്നു. മനുഷ്യനെയും മൃഗത്തെയും

പക്ഷിയെയും പരിരക്ഷിക്കാൻ സംരക്ഷണ/പരിപാലന പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഒരർത്ഥത്തിൽ “സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ്” എന്ന തത്ത്വത്തിനെ താൽക്കാലികാടിസ്ഥാനത്തിൽ വെല്ലുവിളിക്കുന്നു – എബോളയെ ചെറുക്കുമ്പോഴും, കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന പ്രകൃതി നിയമത്തെ മറികടക്കാൻ പുതിയ നീതീന്യായ വ്യവസ്ഥകൾ ഭരണസംഹിതയുടെ ഭാഗമാക്കുമ്പോഴും. ഭാഷയെ രക്ഷിക്കാനും നാം പല തന്ത്രങ്ങൾ മെനയുന്നു.

**ഭാഷയെ** രക്ഷിക്കാനോ! ഇവിടെയാണ് ഗവേഷണത്തിന്റെ പ്രാധാന്യം.

## ഗവേഷണപ്രബന്ധം: ഡോക്ടറൽ ബിരുദക്കാരുടെ മസ്തിഷ്കസ്വേദം

**ഡോക്ടർ** ബിരുദത്തോട് പലർക്കും അലർജി ഉള്ളതായി പറഞ്ഞു കേട്ടിട്ടുണ്ട്. സർവ്വകലാശാലകൾ ഒരു വിഷയത്തിൽ കൊടുക്കുന്ന ഏറ്റവും ഉന്നത ബിരുദമാണത്. സംസ്കൃതത്തിൽ *ആചാര്യ ബിരുദം* എന്ന് ചില സർവ്വകലാശാലക്കാർ മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ചിലർ അതിനെ അപഹസിക്കുന്നത്, ആവശ്യത്തിനു പ്രയത്നിക്കാത്തവർക്കും ഗുണനിലവാരമില്ലാത്ത പഠനങ്ങൾക്കും അതേ ബിരുദം “ദാനം” ചെയ്യുമ്പോഴാണെങ്കിലും, അപകർഷതാബോധം കൊണ്ടും അറിവില്ലായ്മ കൊണ്ടും സംസ്കാരത്തെ നോക്കി പുച്ഛിക്കുന്ന പ്രകൃതമായതുകൊണ്ടുമാണ് പലരും ഡോക്ടർ ബിരുദത്തെ താഴ്ത്തിക്കെട്ടുന്നത്. കൃതിമ മാർഗ്ഗത്തിലൂടെ പത്താം ക്ലാസ്സു സെർട്ടിഫിക്കറ്റു വരെ തരപ്പെടുത്തുന്ന കേരള പാരമ്പര്യം സാമാന്യവൽക്കരിക്കുന്നത് ആപത്താണ്.

**ഏതു** രംഗത്തെയും പുരോഗതിച്ചങ്ങലയിലെ കണ്ണികൾ തീർക്കുന്നത് ഇത്തരം പഠനങ്ങളാണ്. അമേരിക്കയിലാണെങ്കിൽ ഗവേഷണ തൽപ്പരരായ വൈദ്യശാസ്ത്ര വിദ്യാർത്ഥികളിൽ പലരും എം.ഡി. ബിരുദത്തിനൊപ്പമോ അതിനു ശേഷമോ Ph.D. നേടാൻ ശ്രമിക്കാറുണ്ട്. ആനുപാതികമായ സാമ്പത്തികനേട്ടം ലഭിക്കാത്തതുകൊണ്ട് ഗവേഷണ വാസനേച്ഛകളുള്ള പല ഡോക്ടർമാരും ഈ ബിരുദം നേടാൻ ശ്രമിക്കുന്നില്ലെന്നു മാത്രം. വിദ്യാർത്ഥികളെ എം. ഡി., പിഎച്ച്.ഡി. പ്രോഗ്രാമിനു ശുപാർശ ചെയ്യുമ്പോൾ അവരുടെ പ്രത്യേക ഗവേഷണചാതുര്യവും അദ്ധ്യാപകർ വിലയിരുത്താറുണ്ട്.

**ഡോക്ടറൽ** ബിരുദം നേടിയ പലരും തങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യം വരുംതലമുറയ്ക്കു പകർന്നു കൊടുക്കാൻ, ആനുപാതികമായ സാമ്പത്തിക നേട്ടം ഉണ്ടാകില്ലെന്നറിഞ്ഞിട്ടും, താന്താങ്ങളുടെ വിഷയത്തിൽ ഗ്രന്ഥരചന നടത്തി, പരോക്ഷമായി, വരും തലമുറയെയും, അതിലൂടെ സമൂഹത്തെയും സേവിക്കുന്നു. ഗ്രന്ഥകാരന്റെ സംഭാവന കനപ്പെട്ടതാണെങ്കിൽ, ആ പുസ്തകങ്ങൾ ലൈബ്രറി ഓഫ് കോൺഗ്രെസ്സ് ഉൾപ്പെടെ ലോകത്തിലെ പ്രശസ്ത ഗ്രന്ഥശേഖരണങ്ങളിൽ സ്ഥാനം പിടിക്കുന്നു. അമേരിക്കയിൽ മലയാളം ഒരു പ്രധാന വിഷയമല്ലാത്തുകൊണ്ട് നമ്മുടെ ഭാഷയെക്കുറിച്ചുള്ള അധികം ഗവേഷണഗ്രന്ഥങ്ങൾ അമേരിക്കൻ മലയാളികളുടെതായി കാണാനിടയില്ല. അത്തരം വിടവു നികത്തുന്നതും ഭാഷാ സേവനത്തിന്റെ ഭാഗമാകും.

## വംശനാശം – കാരണങ്ങൾ

**ഭാഷയുടെ** തിരോധാനത്തെക്കുറിച്ച് തുടരട്ടെ: ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി സ്വീകരിച്ച രണ്ടു രാജ്യങ്ങളാണല്ലോ ഇംഗ്ലണ്ടും നൈജീരിയയും (മറ്റു സ്ഥലങ്ങൾ ഇല്ലെന്നില്ല). അവിടെ നിലനിന്നിരുന്ന കോർണിഷും (Cornish) ഹോറോമും (Horom) ഉപേക്ഷിക്കപ്പെട്ടാണ് ഇംഗ്ലീഷ് ജീവൽ ഭാഷയായത്. ഈ രണ്ടു ഭാഷകളും കാലാന്തരത്തിൽ അപ്രത്യക്ഷമാകാനുള്ള സാധ്യത ഏറെയാണ്.

**ഭാഷയുടെ** വംശനാശത്തിനു ഹേതുവായി ചൂണ്ടിക്കാണിക്കുന്ന മറ്റു കാരണങ്ങളുമുണ്ട്:
സാമ്പത്തിക പുരോഗതിക്കു വേണ്ടി മനുഷ്യൻ എന്തും ചെയ്യും; എന്തും ഉപേക്ഷിക്കും. മേൻഡരിനും ഇംഗ്ലീഷും പഠിക്കും. അറിവിനും, വിദ്യാഭ്യാസത്തിനും, ജോലിക്കും, വ്യാപാരത്തിനും അത് ആവശ്യമായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ആ സാഹചര്യത്തിൽ, സ്വാഭാവികമായും, മാതൃഭാഷയുടെ പ്രാധാന്യം നേർക്കാൻ തുടങ്ങും. *സാമ്പത്തിക കാര്യക്രമത്തിനു മുമ്പിൽ മാതൃഭാഷയുടെ ഇരിപ്പിടം രണ്ടാം നിരയിലേക്കു ഇറങ്ങും.*

**ആശ്വാസകരമായ** ഒരു കാര്യം, ഇന്ത്യാ ഗവണ്മെന്റ്, മാനിക്കപ്പെടേണ്ട എല്ലാ ഭാരതീയ ഭാഷകളെയും പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നതാണ്.

മലയാളത്തിന്റെ ശ്രേഷ്ഠഭാഷാ പദവി സമീപകാല വാർത്ത. ഈ വളർച്ചയ്ക്ക് ബീജാവാപം ചെയ്ത ആദ്യ പ്രധാനമന്ത്രി നെഹ്രുവിനെ നമുക്ക് സ്മരിക്കാം.

**ഒരു** രാജ്യത്തിന്റെ GDP കൂടുന്തോറും അത് വർദ്ധിപ്പിക്കാൻ കച്ചവട മൂല്യമുള്ള പ്രബല ഭാഷകളിലേക്ക് മനുഷ്യൻ അറിയാതെ മാറാൻ തുടങ്ങും. കംപ്യൂടറിന്റെ പ്രാചുര്യം ഇംഗ്ലീഷിന്റെ പ്രാമുഖ്യം ഏറ്റുപറയുന്നു.

**മലകളുടെ** മുകളിലുള്ള ഭാഷകൾ വേഗം അസ്തമിക്കുമത്രെ. കാരണം, ജനസമ്പർക്കമില്ലാതെയും ജനനാശം സംഭവിച്ചും അവ മണ്ണടിയാനുള്ള സാദ്ധ്യത ഏറെയാണ്. ആസ്ത്രേലിയായിലെ ആദിവാസി സമൂഹങ്ങളിലെ കൊച്ചു കൊച്ചു ഭാഷകൾ നാമാവശേഷമാകുന്നത് നടപ്പുവസ്തുത.

(തുടരും)

**************************************************************************************************